പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 6131

07-11-2016 ൽ മറുപടിക്ക്

## കൃഷിഭവനകളുടെ ആധുനികവൽക്കരണം

ചോദ്യം

ശ്രീ. ടി.വി. ഇബ്രാഹിം.

മറുപടി

ശ്രീ.വി.എസ്. സുനിൽകമാർ
(കൃഷി വകപ്പ് മന്ത്രി)

| | | |
|---|---|---|
| എ) കേരളത്തിലെ കൃഷിഭവനകളുടെ ആധുനികവൽക്കരണം പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്. |
| ബി) ഇൻറർനെറ്റ് കണക്റ്റിവിറ്റി ഉടങ്ങിയവ എല്ലാ കൃഷിഭവനകളിലും ലഭ്യമാണോ;<br>സി) ഇത്തരം സൗകര്യങ്ങൾ ലഭ്യമല്ലാത്ത കൃഷിഭവനകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ; | (ബി) യും (സി) യും | കൃഷി വകപ്പിന്റെ കീഴിലുള്ള എല്ലാ കൃഷിഭവനകളിലും ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി കൃഷി വകപ്പിന വേണ്ടി BSNL ന്റെ ഒരു സ്പെഷ്യൽ പ്ലാൻ (BBG ULD Combo 945) നടപ്പിലാക്കി വരുന്നു. ഇതിന സാധിക്കാത്ത സ്ഥലങ്ങളിൽ WiMAX Plan under BUW1850/WLL കണക്ഷൻ നൽകിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യം ഓരോ കൊല്ലവും പുതുക്കുന്നതിനായി ജില്ലാതല ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഫണ്ടും നല്കി വരുന്നു. |
| ഡി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി കൃഷിഭവനകളിൽ നടത്താൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കുമോ? | (ഡി) | 2012-13 കാലഘട്ടം മുതൽ ആരംഭിച്ച കർഷക രജിസ്ട്രേഷൻ പദ്ധതിയിൽ ഇതിനകം 18.70 ലക്ഷം കർഷകരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. www.kisan.gov.in എന്ന കർഷക ഡേറ്റാബേസിൽ കർഷകരുടെ ഓൺലൈൻ ഡേറ്റാ എൻട്രി പൂർത്തിയാക്കി വരുന്നു.<br>കർഷക രജിസ്ട്രേഷനും ഇ-പേയ്മെന്റും എന്ന പദ്ധതി പ്രകാരം കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>മൊബൈൽ ഫോൺ ഉള്ള കർഷകർക്ക് സബ്സിഡി തുക അക്കൗണ്ടിലേക്ക് കൈമാറിയ അല്ലെങ്കിൽ തിരസ്കരിക്കപ്പെട്ട വിവരം എസ്.എം.എസ് ആയി അറിയിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്. |

| | |
|---|---|
| | ഇപ്രകാരം, തുക ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. [illegible] സബ്സിഡി തുക കോർ ബാങ്കിംങ് അക്കൗണ്ടിലേക്ക് നൽകിയതിന്റെ വിവരങ്ങൾ www.ebt.kerala.gov.in/ എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു. ആധുനികവൽക്കരണത്തിന്റെ ഭാഗമായി സോഷ്യൽമീഡിയ സംരംഭങ്ങളിലൂടെ ഇലക്ട്രോണിക് കാർഷിക വിജ്ഞാന വ്യാപനം നടത്തുന്നതിനായി കൃഷിഭവനുകളെ സജ്ജമാക്കുന്നതിനായി " കാർഷിക വികസനത്തിനായി സോഷ്യൽ മീഡിയയുടെ സമന്വയം" എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ